(സി) 1 വർഷം മുതൽ രണ്ടേകാൽ വർഷം വരെയായി.

(ഡി) സംഘങ്ങളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുകയും ദൈനം ദിന പ്രവർത്തനങ്ങൾ ശരിയാംവണ്ണം നടത്തുന്നതിനുള്ള സാഹചര്യം സംജാ തമാകുകയും ചെയ്യുന്ന മുറയ്ക്ക് തെരഞ്ഞെടുപ്പു നടത്തുന്നതാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1635) ഫിഷിംഗ് ഹാർബറുകൾ

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഏതെല്ലാം ഫിഷിംഗ് ഹാർബറുകളുടെ പണിയാണ് ആരംഭിച്ചിരുന്നതെന്ന് വെളിപ്പെടു ത്തുമോ;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് ഏതെല്ലാം പുതിയ ഫിഷിംഗ് ഹാർബറിന്റെ പണി ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര ഫിഷിംഗ് ഹാർബറുകളുടെ പണി പൂർത്തിയാക്കിയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിഴിഞ്ഞം, തങ്കശ്ശേരി, മുനമ്പം, ചോംപാൽ, മോപ്ലാബേ

(ബി) കായംകുളം

(സി) മുനമ്പം, മോപ്ലാബേ, ചോംപാൽ എന്നീ മത്സ്യബന്ധന തുറമു ഖങ്ങളുടെ പണി പൂർത്തിയാക്കി ഏപ്രിൽ അവസാനത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയും.

2 (1636) ഫിഷ്‌ലാന്റിംഗ് സെന്ററുകൾ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തിയായിട്ടും പ്രവർത്തനം ആരംഭിക്കാത്ത ഫിഷ്‌ലാന്റിംഗ് സെന്ററുകൾ സംസ്ഥാനത്തുണ്ടോ:

(ബി) എങ്കിൽ അത്തരം സെന്ററുകൾ ഏതെല്ലാമെന്ന് വ്യക്തമാ ക്കുമോ;

(സി) ഇവ പ്രവർത്തിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ:

(ഡി) ഇവ പ്രവർത്തിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്;

(ഇ) നിർമ്മാണം ആരംഭിച്ച് പണി പൂർത്തിയാകാതെ കിടക്കുന്ന ഫിഷ്‌ലാന്റ് സെന്ററുകൾ ഇപ്പോൾ ഉണ്ടോ; വിശദവിവരം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) അവ പൂർത്തിയാക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വള്ളിക്കുന്ന്, കാസർഗോഡ്

(സി) വള്ളിക്കുന്ന് : മണ്ണൊലിപ്പ് തടയുന്നതിനായി നിർമ്മിച്ച കടൽഭിത്തി വളങ്ങൾ സുഗമമായി കരയ്ക്കടുപ്പിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

കാസർഗോഡ് : മത്സ്യത്തൊഴിലാളികൾ ഈ ലാന്റിംഗ് സെന്റർ ഉപയോഗിക്കുന്നതിന് വിമുഖത പ്രകടിപ്പിക്കുന്നു.

(ഡി) വള്ളിക്കുന്ന് : ബീച്ച് രൂപംകൊണ്ടതിനുശേഷം, കടൽഭിത്തിയിൽ ഗ്യാപ്പ് കൊടുക്കാമെന്ന് പ്രതീക്ഷിക്കുന്നു.

കാസർഗോഡ് : മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനെക്കുറിച്ച് ആലോചിച്ചുവരുന്നു.

(ഇ) ഉണ്ട്. ചാലക്കോട്, കാട്ടൂർ-പൊള്ളത്തായ്, പുന്നപ്ര, വിഴിഞ്ഞം സൗത്ത് എന്നിവ.

(എഫ്) ചാലക്കോട്, വിഴിഞ്ഞം സൗത്ത് എന്നീ ഫിഷ്‌ലാന്റ് സെന്ററുകളുടെ അവശേഷിക്കുന്ന പണികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. കാട്ടൂർ - പൊള്ളത്തായ്, പുന്നപ്ര എന്നീ സെന്ററുകളുടെ പണികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

3 (1637) മത്സ്യ കയറ്റുമതി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ മത്സ്യ സമ്പത്ത് കയറ്റുമതി ചെയ്തിട്ടുണ്ട്;

(ബി) ഏതെല്ലാം തരം മത്സ്യങ്ങൾ ഏതൊക്കെ രാജ്യങ്ങളിലേക്കാണ് കയറ്റുമതി ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം 1999 ഫെബ്രുവരി വരെ 737.84-കോടി രൂപയുടെ മത്സ്യസമ്പത്ത് കയറ്റുമതി ചെയ്തിട്ടുണ്ട്.

(ബി) വെളിപ്പെടുത്താം. വിവരം അനുബന്ധം 1, 2 എന്നിവയിൽ കൊടുത്തിരിക്കുന്നു.

ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly